(ബി) 2.6.1998-ലെ മലപ്പുറം ജില്ലാ കളക്ടറുടെ പ്രൊസീഡിംഗ്സ് നം. 47677/93/എച്ച് 4 പ്രകാരം ശ്രീമതി ആമിനയ്ക്ക് കേരള ഫ്രീഡം ഫൈറ്റേഴ്സ് പെൻഷൻ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് പെൻഷൻ നൽകുന്നതിനായി ജില്ലാ കളക്ടർ അക്കൗണ്ടന്റ് ജനറലിന്റെ ആഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(സി) മലപ്പുറം കളക്ടർ പെൻഷൻ അനുവദിച്ച തീയതിയായ 2.6.98 മുതൽ ശ്രീമതി ആമിന പെൻഷന് അർഹയാണ്. തുക കാലതാമസം കൂടാതെ അനുവദിക്കണമെന്ന് ജില്ലാ കളക്ടർ അക്കൗണ്ടന്റ് ജനറലിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

19 (643) സ്വാതന്ത്ര്യസമര സേനാനി പെൻഷൻ

പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊടുങ്ങല്ലൂർ ഉഴുവത്തുകടവ് ലോകമലേശ്വരത്ത് ശ്രീ. സി. ഐ. വാസുവിന്റെ സ്വാതന്ത്ര്യസമര സേനാനികൾക്കുള്ള പെൻഷന് ഉള്ള അപേക്ഷ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അപേക്ഷയിന്മേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ ജില്ലാ കളക്ടർക്ക് ലഭിച്ചിട്ടുണ്ട്.

(ബി) പരിശോധിച്ചുവരികയാണ്.

20 (644) പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനം

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.ജെ. ഫ്രാൻസിസ് :
ശ്രീ. പി.ജെ. ജോയി :
ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാനിംഗ് ബോർഡിന്റെ പ്രവർത്തനത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികൾ അതൃപ്തി രേഖപ്പെടുത്തിയിട്ടുള്ളതായി ഗവൺമെന്റിന് അറിവുണ്ടോ;

(ബി) സ്റ്റാറ്റ്യൂട്ടറി അധികാരമില്ലാത്ത പ്ലാനിംഗ് ബോർഡ് നിയമനത്തിലില്ലാത്ത എക്സ്പെർട്ട് കമ്മിറ്റികളിലൂടെ പഞ്ചായത്ത് സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നു എന്ന ആരോപണം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) പ്ലാനിംഗ് ബോർഡിൽ എത്ര ഫുൾടൈം അംഗങ്ങളുണ്ട്?

ഉത്തരം

(എ) ഒരു രാഷ്ട്രീയ പാർട്ടിയും രേഖാമൂലം അതൃപ്തി അറിയിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly